# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ

## കെ.എസ്.ടി.എ

## സംസ്ഥാന കമ്മിറ്റി, തിരുവനന്തപുരം

---

## ''പൊതുവിദ്യാഭ്യാസം സരംക്ഷിക്കുക....സാമൂഹ്യ നന്മകൾ വീടെുക്കുക....''
## പൊതുവിദ്യാഭ്യാസത്തെ യു.ഡി.എഫ് സർക്കാർ സർവ്വനാശത്തിലേക്ക് നയിക്കുന്നു

**കേ**രളത്തിലെ പൊതുവിദ്യാഭ്യാസ മേഖല ഗുരുതരമായ പ്രതിസന്ധി നേരിടുകയാണ്. പൊതുവിദ്യാലങ്ങളെ തകർക്കുന്ന സർക്കാർ നടപടികളും കോടതിവിധികളുമാണിതിന് പ്രധാന കാരണം. യു.ഡി.എഫ് സർക്കാർ അധികാരമേറ്റയുടൻ പൊതുവിദ്യാലയങ്ങളെക്കുറിച്ച് വിദ്യാഭ്യാസമന്ത്രി നടത്തിയ പ്രഖ്യാപനങ്ങൾ കൂടുതൽ ശക്തമായി നടപ്പിലാക്കുകയാണ്. പൊതുവിദ്യാലയങ്ങൾക്ക് ഇനിമേൽ ഖജനാവിൽ നിന്നും പണം ചെലവാക്കില്ല, സി.ബി.എസ്.ഇ വിദ്യാലയങ്ങൾ ഉപാധികളില്ലാതെ അനുവദിക്കും, പാഠ്യപദ്ധതി പരിഷ്ക്കരിക്കും (അട്ടിമറിക്കും) എന്നിവയായിരുന്നു മന്ത്രിയുടെ പ്രഖ്യാപനങ്ങൾ. സി.ബി.എസ്.ഇ വിദ്യാലയങ്ങൾക്കു അംഗീകാരം നൽകാനുള്ള നിബന്ധനകൾ റദ്ദുചെയ്തുകൊ് 2012 സെപ്തംബർ 14 ന് ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ വിധി പ്രഖ്യാപനമുായി രുമാസമായിട്ടും സുപ്രീംകോടതിയിൽ അപ്പീൽ കൊടുക്കാൻ സർക്കാർ തീരുമാനിച്ചിട്ടില്ല. വിധിയുടെ പിന്നിലെ മാനേജ്മെന്റ് – സർക്കാർ അവിശുദ്ധ ബന്ധം ഇതിലൂടെ കൂടുതൽ വ്യക്തമായിരിക്കുകയാണ്.

**കോടതിവിധിയെക്കുറിച്ച്**

കേരളത്തിലെ പൊതുവിദ്യാഭ്യാസത്തെ അപ്രസക്തമാക്കുന്നതാണ് കോടതിവിധി. കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ മലയാളം മാധ്യമത്തിൽ പഠിക്കുന്ന കിട്ടികൾ സി.ബി.എസ്.ഇ വിദ്യാലയങ്ങളിലെ ഇംഗ്ലീഷ് മീഡിയം കുട്ടികളെക്കാൾ പ്രതിഭ കുറഞ്ഞവരാണ്, കഴിഞ്ഞ 7 വർഷക്കാലം സി.ബി.എസ്.ഇ സ്കൂളുകൾക്ക് അംഗീകാരം നിഷേധിച്ചത് നീതിക്കുനിരക്കാത്തതാണ്, സി.ബി.എസ്.ഇ സ്കൂളുകളിൽ മലയാളം പഠിപ്പിക്കാനുള്ള നിർദ്ദേശം കൊടുക്കാൻ സംസ്ഥാന സർക്കാരിന് അധികാരമില്ല, സി.ബി.എസ്.ഇ സ്കൂളുകൾക്ക് അംഗീകാരം നൽകണമെങ്കിൽ 300 കുട്ടികളെങ്കിലും വേണമെന്ന് പറയുന്നത് യുക്തിക്കു നിരക്കുന്നതല്ല, യു.ഐ.ഡി. വേണമെന്ന നിബന്ധന ശരിയല്ല, 3 ഏക്കർ ഭൂമിവേണമെന്ന നിബന്ധന പട്ടണങ്ങളിൽ സ്കൂൾ തുടങ്ങാനാഗ്രഹിക്കുന്ന മാനേജ്മെന്റുകൾക്ക് തടസ്സമാകും, ബഹുനില മന്ദിരങ്ങളിൽ ക്ലാസ് നടത്തിയാൽ മതി, സി.ബി.എസ്.ഇ സ്കൂളുകളിലെ വിദ്യാഭ്യാസമാണ് നിലവാരമുള്ളത്, കുട്ടികൾ കുറവുള്ള പൊതുവിദ്യാലയങ്ങൾനിർത്തലാക്കി, സർക്കാർ മുൻകൈ എടുത്ത് സി.ബി.എസ്.ഇ–ഐ.സി.എസ്.ഇ വിദ്യാലയങ്ങൾ ആരംഭിക്കണം, സി.ബി.എസ്.ഇ സ്കൂളുകളിലെ അധ്യാപകർക്ക് മറ്റുള്ളവരെപ്പോലെ ശമ്പളം കൂട്ടിയാൽ ഫീസ് കൂട്ടുന്നതിന്റെ ഭാഗമായി അവിടെയുള്ള കുട്ടികൾ നിലവാരം കുറഞ്ഞ പൊതുവിദ്യാലയങ്ങളിലേക്ക് പോകേിവരും എന്നിങ്ങനെ പോകുന്നു പൊതുവിദ്യാലയങ്ങളുടെ മരണമണി മുഴക്കുന്ന വിധിയിലെ നിരീക്ഷണങ്ങൾ. കേസ്കൊടുത്ത മാനേജുമെന്റും സർക്കാരും ഒത്തുകളിച്ചതിന്റെ ഫലമായിട്ടാണ് ഇത്തരമൊരുവിധിയുായതെന്ന് പരക്കെ ആക്ഷേപം ഉയർന്നിട്ടു്. 450 സി.ബി.എസ്.ഇ സ്കൂളുകൾക്ക് നിബന്ധനകൾ പാലിച്ചും രായിരത്തി അഞ്ഞൂറോളം സ്കൂളുകൾക്ക് അല്ലാതെയും അംഗീകാരം കൊടുക്കാനാണ് നീക്കം.

**പാഠ്യപദ്ധതി പരിഷ്ക്കരണത്തിനു പിന്നിൽ**

ദേശീയപാഠ്യപദ്ധതി ചട്ടക്കൂടിന്റെ (എൻ.സി.എഫ്–2005) ചുവടുപിടിച്ചാണ് കേരളത്തിൽ പാഠ്യപദ്ധതി പരിഷ്ക്കരണം നടന്നത്. മതേതരത്വം, ജനാധിപത്യം, മാനവികത എന്നീ സൈദ്ധാന്തിക അടിത്തറയുള്ള കേരളാ പാഠ്യപദ്ധതി ചട്ടക്കൂട് – 2007 അട്ടിമറിക്കാനുള്ള നീക്കം അത്യന്തം അപകടകരമാണ്. ജൂലൈ 19 ന് വിദ്യാഭ്യാസമന്ത്രിയുടെ അധ്യക്ഷതയിൽചേർന്ന ഉന്നതാധികാര സമിതിയോഗമാണ് പാഠ്യപദ്ധതി പരിഷ്ക്കരിക്കാനുള്ള ചുമതല എസ്.സി.ഇ.ആർ.ടി യെ ഏൽപ്പിച്ചത്. വിവിധ കോണുകളിൽ നിന്നും ഉയർന്നുവന്ന എതിർപ്പിന്റെ ഫലമായി കരിക്കുലം കമ്മിറ്റിയോഗത്തിൽ തീരുമാനം മാറ്റിവയ്ക്കേിവന്നു. കെ.എസ്.ടി.എ യുടെ വിയോജനക്കുറിപ്പും തീരുമാനത്തിൽ നിന്നും പിറകോട്ട് പോകാൻ സർക്കാരിനെ നിർബന്ധിതമാക്കി. പാഠ്യപദ്ധതി പരിഷ്ക്കരണത്തെക്കുറിച്ച് റിപ്പോർട്ട് നൽകാൻ ഡോ. സുകുമാരൻ നായർ അധ്യക്ഷനായ വിദഗ്ദ്ധ സമിതിയെയാണ് ഇപ്പോൾ ചുമതലപ്പെടുത്തിയിരിക്കുന്നത്. ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടിലെ നിർദ്ദേശങ്ങളെത്തന്നെ യു.ഡി.എഫ് സർക്കാർ വെല്ലുവിളിക്കുകയാണ്. എൻ.ഡി.എ ഭരണക്കാലത്ത് കാവിവൽക്കരണത്തിന് നടത്തിയ ശ്രമങ്ങൾ ആവർത്തിക്കാതിരിക്കാനാണ് ഒന്നാം യു.പി.എ സർക്കാർ ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടിന് രൂപം നൽകിയത്.

ജാതി-മത ശക്തികളുടെ സ്വാധീനത്തിൽ മതേതരചിന്ത നഷ്ടപ്പെട്ട കേരളത്തിലെ കോൺഗ്രസ് നേതൃത്വം പാഠ്യ പദ്ധതി അട്ടിമറിക്കാനാനുള്ള ശ്രമങ്ങളുമായി മുന്നോട്ടുപോകുകയാണ്. ഏകീകൃതസിലബസ് എന്ന അപ്രായോഗിക മുദ്രാവാക്യം ഉയർത്തുന്നതുതന്നെ ആശയക്കുഴപ്പം കാരണമാണ്.

പൊതുവിദ്യാലയങ്ങളിലെ കുട്ടികൾ നിലവാരത്തിലും ക്ലാസുകളിലെ പഠന പ്രവർത്തനങ്ങളിലും മുന്നിലാണെന്ന് ദൂരദർശനിലെ 'ഹരിതവിദ്യാലയം' റിയാലിറ്റി ഷോയിലൂടെ ലോകം മുഴുവൻക് ആഹ്ലാദിക്കുകയും അഭിനന്ദിക്കുകയും ചെയ്തതാണ്. നമ്മുടെ പാഠപുസ്തകങ്ങളെ എൻ.സി.ഇ.ആർ.ടി തന്നെ അഭിനന്ദിച്ചതാണ്. ഐ.ടി. അധിഷ്ഠിതപഠനവും ആധുനികവൽക്കരിച്ച ക്ലാസ് മുറികളും പൊതുസമൂഹവും അംഗീകരിച്ചു. സജീവമായിരുന്ന പൊതുവിദ്യാലയങ്ങളെ തകർക്കാൻ ഈ സർക്കാർ നടത്തിയ ശ്രമങ്ങൾ വിജയിച്ചിരിക്കുന്നുവെന്ന് മന്ത്രിയ്ക്കും അനുയായികൾക്കും അഭിമാനിക്കാം. ഇനിയും ശേഷിക്കുന്നവയെ തകർക്കാൻ വഴികൾ തേടുകയാണ് വിദ്യാഭ്യസ മന്ത്രിയുടെ ഓഫീസ്.

**അനാഥമാകുന്ന വിദ്യാഭ്യാസ വകുപ്പ്**

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പ്രവർത്തനം താളംതെറ്റിയിരിക്കുകയാണ്. യു.ഡി.എഫ് സർക്കാർ നിയമിച്ച പൊതുവിദ്യാഭ്യാസ വകുപ്പുസെക്രട്ടറി ഒരുവർഷം പൂർത്തിയാകുന്നതിനുമുമ്പു തന്നെ സ്ഥലംവിട്ടു. പൂർണ്ണചുമതലയുള്ള പ്രിൻസിപ്പൾ സെക്രട്ടറിയില്ലാത്ത പൊതുവിദ്യാഭ്യാസവകുപ്പ് കേരള ചരിത്രത്തിൽ ആദ്യത്തേതാണ്. വിവാദങ്ങളിൽ കുടുങ്ങിയ ഡയറക്ടറാണ് വിദ്യാഭ്യാസ ഗവേഷണ കൗൺസിലിനെ (എസ്.സി.ഇ.ആർ.ടി) നയിക്കുന്നത്. കഴിവുള്ളവരെ പിരിച്ചുവിടുന്നതിലാണ് അദ്ദേഹത്തിന്റെ ഭരണ നൈപുണ്യം. 30 റിസർച്ച് ഓഫീസർമാർ ആവശ്യമുള്ളിടത്ത് പകുതിപോലും ഇപ്പോഴില്ല. ഡയറക്ടറെ കാണേതുപോലെ കാൽ ഹയർസെക്കന്ററി അധ്യാപകർക്ക് എസ്.സി.ഇ.ആർ.ടി യിലേക്ക് സ്ഥലംമാറ്റം ഉറപ്പ്. പ്രൊബേഷൻപോലും പൂർത്തിയാകാത്ത ഹയർസെക്കന്ററി ടീച്ചറുടെ എസ്.സി.ഇ.ആർ.ടി യിലെ നിയമനം റിസർച്ച് ഓഫീസർ തസ്തികയിലാണെന്ന് അറിഞ്ഞപ്പോൾ അവർക്കുതന്നെ ഉായ പരിഭ്രമം അടുത്തൊന്നും മാറാൻ ഇടയില്ല. ഫാക്കൽറ്റികളുടെ ചുമതലയെന്തെന്ന് അറിയാത്തവരും പാഠ്യപദ്ധതിയും സിലബസും പാഠപുസ്തക പരിഷ്ക്കരണവും ഒന്നാണെന്ന് ധരിക്കുന്ന റിസർച്ച് ഓഫീസർമാരും ചേർന്ന് എസ്.സി.ഇ.ആർ.ടി. യെ തകർച്ചയിലേക്കാണ് നയിക്കുന്നത്. കേരളത്തിലെ സ്കൂൾ വിദ്യാഭ്യാസ മേഖലയിലെ അക്കാദമിക നേട്ടങ്ങളുടെ അന്തക വേഷമാണ് ഇന്ന് എസ്.സി.ഇ.ആർ.ടി ക്കുള്ളത്.

കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്ന എസ്.എസ്.എ സ്തംഭനാവസ്ഥയിലാണ്. പേരിനെങ്കിലും ഉായിരുന്ന ഡയറക്ടറും രാജി നൽകി. സർക്കാർ സ്കൂളുകളിൽ പ്രയോജനപ്പെടുത്തേ 543 കോടി രൂപയാണ് ലാപ്സായികൊിരിക്കുന്നത്. പകുതിയിലധികം സ്ഥലങ്ങളിൽ ബി.പി.ഒ മാരില്ല. സ്റ്റേറ്റ് പ്രോജക്ട് ഓഫീസിൽ നിശ്ചിത യോഗ്യതയും അക്കാദമിക മികവുള്ള ഒരാളെപ്പോലും നിയമിച്ചിട്ടില്ല. 1200 ട്രെയിനർമാർ വേിടത്ത് പകുതിയും ഒഴിഞ്ഞുകിടക്കുകയാണ്. നിലവിലുള്ളവർക്ക് എന്തുചെയ്യണമെന്നറിയുകയുമില്ല. പൊതുവിദ്യാലയങ്ങളിൽ അത്ഭുതങ്ങൾ സൃഷ്ടിക്കേ ഈ പ്രോജക്ടിനെ ഇത്തരത്തിലാക്കിയ വിദ്യാഭ്യാസ മന്ത്രിയും യു.ഡി.എഫ് സർക്കാരും പൊറുക്കാൻ കഴിയാത്ത തെറ്റാണ് ചെയ്തുകൊിരിക്കുന്നത്. ആർ.എം.എസ്.എ യുടെ പ്രവർത്തനം തുടങ്ങാൻ പോലുമായിട്ടില്ല.

ഐ.ടി.@.സ്കൂളിന്റെ അവസ്ഥ ഇതിനേക്കാൾ ദയനീയമാണ്. എല്ലാവരുടെയും പ്രശംസ നേടിയ സ്ഥാപനമായിരുന്നു. എന്നാൽ ഇന്ന് മുസ്ലീംലീഗ് മുൻപഞ്ചായത്ത് കമ്മിറ്റി പ്രസിഡന്റിന്റെ ആസ്ഥാനമാക്കി ഇതിനെ മാറ്റി. എന്താണ് അവിടെ നടക്കുന്നത് എന്ന ചോദ്യത്തിനു മുന്നിൽ ഡയറക്ടർ അന്ധാളിച്ചു നിൽക്കുകയാണ്. സ്ഥലം മാറ്റത്തിന് ഓൺലൈൻ സംവിധാനവും, ഹയർസെക്കന്ററിയിലെ ഇരട്ടമൂല്യനിർണ്ണയ കേന്ദ്രങ്ങളിൽ നിന്നും ഡയറക്ടറേറ്റിലെ പരീക്ഷാവിഭാഗത്തിലേക്ക് ഹോട്ട്ലൈൻ സംവിധാനവും വരെ ഏർപ്പെടുത്തിയ ഈ സ്ഥാപനത്തെ ഇത്രയും പെട്ടെന്ന് തകർത്തുകളയുമെന്ന് ആരും കരുതിയിരുന്നില്ല. 18 മണിക്കൂർ സംപ്രേക്ഷണം ചെയ്യാൻ കഴിയുന്ന സമ്പൂർണ്ണ വിദ്യാഭ്യാസ ചാനൽ (വിക്ടേഴ്സ്) ഐ.ടി.@.സ്കൂളിന്റെ മികവുകളിൽ ഒന്നാണ്. പൊതുവിദ്യാലയങ്ങളെ ആധുനികവൽക്കരിക്കുകയും ആയിരക്കണക്കിന് അധ്യാപകരെ ആധുനിക വിവരസാങ്കേതികവിദ്യയുടെ നേട്ടങ്ങളുടെ ലോകത്തെത്തിക്കുകയും ചെയ്ത ഈ സ്ഥാപനത്തെ രക്ഷിക്കാൻ വലിയ പരിശ്രമം വേിവരും.

ഹയർസെക്കന്ററി ഡയറ്കടറേറ്റിനെക്കുറിച്ച് നല്ലതുപറയാൻ ആരുമില്ലാത്ത അവസ്ഥയാണ്. സ്ഥലംമാറ്റത്തിന് സ്പെഷ്യൽ ഓർഡർ കൊടുക്കലും മാനദണ്ഡം പുതുക്കലുമാണ് ഇപ്പോൾ നടക്കുന്ന ഏകകാര്യം. 2004 ൽ നിയമിക്കപ്പെട്ട 34 അധ്യാപകരുടെ പ്രബേഷൻ ഇനിയും പൂർത്തിയാക്കി ഉത്തരവായിട്ടില്ല. അധ്യാപകരുടെ സർവ്വീസ് പ്രശ്നങ്ങൾ പരിഹരിക്കാൻ ഒരുസംവിധാനവുമില്ല. ഓഫീസ് പ്രവർത്തനത്തെക്കാൾ സ്കൂൾ വിസിറ്റാണ് ചിലർക്ക് താൽപര്യം. ആർ.ഡി.ഡി ഓഫീസുകൾ എന്നാൽ കാലതാമസം വരുത്താനുള്ള ഓഫീസ് എന്ന നിലയിലായി. പുതിയ ആർ.ഡി.ഡി ഓഫീസുകൾ സ്ഥാപിക്കുമെന്നാണ് പ്രഖ്യാപനം. പ്രഖ്യാപനങ്ങളല്ലാതെ ഹയർസെക്കന്ററി

യിൽ മറ്റൊന്നും നടക്കുന്നില്ല. പാഠ്യപദ്ധതി പരിഷ്ക്കരണത്തിന് സമീപനരേഖ തയ്യാറാക്കി. ലക്ഷ്യങ്ങൾ ചിലവാക്കി നിരവധി വർക്ക്ഷോപ്പുകൾ നടത്തിയാണ് രേഖ തയ്യാറാക്കിയത്. ഇപ്പോൾ അതുമാറ്റിവച്ച് പരിഷ്ക്കാരത്തെക്കുറിച്ച് പരിശോധിക്കാൻ വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിരിക്കുകയാണ്.

വൊക്കേഷണൽ ഹയർസെക്കന്ററിയിൽ ഡയറക്ടർ ഇല്ലെന്നുമാത്രമല്ല ചുമതലയുള്ള ഉദ്യോഗസ്ഥൻ നിസ്സ ഹായനുമാണ്. അധികം താമസിയാതെ നിർത്തേ വകുപ്പായിട്ടാണ് ഇതിനെ സർക്കാർ കാണുന്നത്. എ.എസ്.എ.പി (അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം) പദ്ധതിയിലൂടെ തൊഴിലധിഷ്ഠിത വിദ്യാഭ്യാസം താൽപര്യ മുള്ള കുട്ടികൾക്ക് മാത്രമായി ചുരുക്കാൻ പോകുകയാണ്. പതിനായിരത്തിനും മുപ്പതിനായിരത്തിനും ഇടയിൽ ഫീസ് നൽകി പഠിപ്പിക്കുന്നതാണ് പുതിയ പദ്ധതി.

വളരെ പ്രതീക്ഷയോടെ ആരംഭിച്ച സ്ഥാപനമാണ് സീമാറ്റ്. സ്കൂൾ മാനേജ്മെന്റ് രംഗത്ത് വലിയ മാറ്റങ്ങൾക്ക് നേതൃത്വം കൊടുക്കേ ഈ സ്ഥാപനം ദിശാബോധമില്ലാത്ത അവസ്ഥയിലാണ്. മന്ത്രിയാഫീസിന്റെ താൽപര്യത്താൽ നിയമിക്കപ്പെട്ടവരുടെ നിസ്സഹായത ഈ സ്ഥാപനത്തെയും തകർച്ചയിലാക്കിയിരിക്കുകയാണ്.

**അധ്യാപക പരിശീലനം അട്ടിമറിച്ചു**

വെക്കേഷൻ കാലത്തു നടന്ന അധ്യാപക പരിശീലനവും, ക്ലസ്റ്ററുകളും ഈ സർക്കാർ അവസാനിപ്പിച്ചു. 'ടി.സി.എസ്' എന്ന മൾട്ടിനാഷണൽ കമ്പനിയെ പരിശീലനത്തിന് ചുമതല ഏൽപ്പിച്ചു. കെ.എസ്.ടി.എ ഉയർത്തിയ ശക്തമായ എതിർപ്പിനെ തുടർന്ന് ടി.സി.എസിനെ ഒഴിവാക്കാൻ സർക്കാർ നിർബന്ധിതമായി. മാനേജ്മെന്റ് പരി ശീലനം എന്ന പേരിൽ ഇപ്പോൾ നടക്കുന്ന പരിശീലനം വെറും ചടങ്ങായി മാറി. അധ്യാപക ശാക്തീകരണത്തിനോ, പൊതുവിദ്യാലയങ്ങളെ മെച്ചപ്പെടുത്തുന്നതിനോ സഹായകരമല്ലാത്തതാണ് ഇപ്പോൾ നടക്കുന്ന പരിശീലനം. ഫല ത്തിൽ ഇതും നിൽക്കാൻ പോകുന്ന അവസ്ഥയിലാണ്. ടീച്ചേഴ്സ് ബാങ്കിൽ നിന്നും അധ്യാപകരെ നിയമിച്ച് സ്കൂൾ പ്രവർത്തനങ്ങൾക്ക് തടസ്സമില്ലാതെ അധ്യാപകർക്ക് 60 ദിവസത്തെ പരിശീലനം നൽകുമെന്ന് പ്രഖ്യാപിച്ച വിദ്യാ ഭ്യാസ വകുപ്പുതന്നെ എന്തുചെയ്യണമെന്നറിയാതെ കടുത്ത ആശയക്കുഴപ്പത്തിലാണ്. 'ന്യൂ മില്ലേനിയം ടീച്ചേഴ്സ്' എന്ന ആശയം പ്രഖ്യാപിച്ചവർതന്നെ എതിർപ്പുമായി രംഗത്തുവന്നു തുടങ്ങി. ക്ലസ്റ്റർ പരിശീലനത്തിന് എസ്.എ സ്.എ വകയിരുത്തിയ കോടികൾ കഴിഞ്ഞവർഷത്തേതുപോലെ നഷ്ടപ്പെടാൻ പോകുകയാണ്.

**വിദ്യാഭ്യാസ പാക്കേജും അധ്യാപക തസ്തികകളും**

വിദ്യാഭ്യാസരംഗത്തെ ഏറ്റവും വലിയ നേട്ടമായി പ്രഖ്യാപിച്ച അധ്യാപക പാക്കേജിന്റെ അവസ്ഥ അത്യന്തം ദയനീയമാണ്. ഇറങ്ങുന്ന ഓരോ പുതിയ ഉത്തരവുകളും അധ്യാപകരിൽ ആശയക്കുഴപ്പം വർദ്ധിപ്പിക്കുന്നു. 2010-11 ലെ തസ്തികയിലാണ് അധ്യാപകർ ജോലിചെയ്യുന്നത്. തസ്തികകളെ സാങ്കല്പികമായി നിലനിർത്തുന്ന സാഹ ചര്യം അധികകാലം നിലനിൽക്കില്ല. 'ടീച്ചേഴ്സ് ബാങ്ക്' എന്നത് പേരിൽ പോലും 'ബാങ്കല്ല' എന്ന് എല്ലാവർക്കും ബോധ്യമായി. ജോലിയും കൂലിയും അസ്ഥിരപ്പെടുത്താനുള്ള സംവിധാനമാണ് ടീച്ചേഴ്സ് ബാങ്ക്. 18 മുതൽ 26 വർഷം വരെ സർവ്വീസുള്ള പ്രൊട്ടക്റ്റഡ് അധ്യാപകർ ബാങ്കിലായതിന്റെ പേരിൽ ശമ്പളം വാങ്ങാൻ കഴിയാത്ത അവസ്ഥയിലാണിപ്പോൾ. മാനേജർ ക്രമവിരുദ്ധമായി നിയമിച്ച നാലായിരത്തോളം പേർക്കും 133 സ്പെഷ്യലിസ്റ്റ് അധ്യാപകർക്കും അപ്രൂവൽ കിട്ടി. അഡ്വാൻസ് മാത്രം വാങ്ങിച്ചിരുന്ന മാനേജർമാർക്ക് ഇപ്പോൾ മുഴുവൻ തുകയും വാങ്ങാൻ (4000 X 20 ലക്ഷം) എത്രപെട്ടന്നാണ് സർക്കാർ അവസരമൊരുക്കിയത്. അധ്യാപക-വിദ്യാർത്ഥി അനു പാതം കുറയ്ക്കാൻ ഒരുവർഷമായിട്ടും സർക്കാരിന് കഴിഞ്ഞിട്ടില്ല. അധ്യാപകരെ 'അന്തരീക്ഷത്തിൽ' നിന്നും മാറ്റി തസ്തികയിൽ നിലനിർത്താതിരുന്നാൽ ഉാകുന്ന അരക്ഷിതാവസ്ഥ വളരെ വൈകാതെ നമ്മുടെ മേഖലയിൽ പ്രകടമാവാൻ പോകുകയാണ്. കൂടുതൽ കുട്ടികളുള്ള വമ്പൻ മാനേജുമെന്റുകൾ പുതിയ നിയമനം നടത്തുമ്പോൾ മൂന്നു ഡിവിഷനു താഴെയുള്ള സ്കൂളുകളിൽ തസ്തികകൾ നഷ്ടപ്പെടുന്നത് വായുവേഗത്തിലായിരിക്കും. റിട്രെഞ്ച്ഡ് ടീച്ചേഴ്സിന്റെ ലിസ്റ്റ് ഭയാനകമാംവിധം നീളും. ഘടനാമാറ്റം എന്ന ഭീഷണിയും സ്പെഷ്യലിസ്റ്റ് അധ്യാപകരെ പൂൾചെയ്യലും ഉത്തരവുകളായി നിലനിൽക്കുന്നു്. വിദ്യാഭ്യാസ സ്ഥാപനങ്ങൾതന്നെ തകർച്ചയുടെ വക്കിലാ ണ്. പെൻഷന്റെ അവസ്ഥ ഏവർക്കും ബോധ്യമാണ്. സേവന വ്യവസ്ഥ അട്ടിമറിക്കപ്പെടുകയാണ്.

ജാഗ്രതയോടെ നാം മുന്നോട്ടുപോയില്ലെങ്കിൽ കേരളത്തിന്റെ എല്ലാ പുരോഗതിയ്ക്കും അടിത്തറയിട്ട നമ്മുടെ പൊതുവിദ്യാഭ്യാസം തിരികെ വരാൻ കഴിയാത്തവിധം തകർച്ചയെ നേരിടും. എല്ലാ സാമൂഹ്യനേട്ടങ്ങളുടെയും അടിത്തറയായ പൊതുവിദ്യാഭ്യാസം സംരക്ഷിക്കാനും സാമൂഹ്യ നന്മകൾ വീടെുക്കാനുമുള്ള പോരാട്ടത്തിന് കരുത്ത് പകരാൻ 22-ാം സംസ്ഥാന സമ്മേളനത്തിന് കഴിയണം.

**എം.ഷാജഹാൻ**

ജനറൽ സെക്രട്ടറി